പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 349 — 23.8.2017 -ൽ മറുപടിയ്ക്ക്

## വിനോദസഞ്ചാരനയം പരിഷ്കരിക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.എം. മുകേഷ്<br>ശ്രീ.എ. എൻ. ഷംസീർ : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി). | |
| എ) | കൂടുതൽ പേർക്ക് ആകർഷകമായ തൊഴിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ വിനോദസഞ്ചാരം വികസിപ്പിക്കാൻ ഉതകുന്ന രീതിയിൽ വിനോദസഞ്ചാര നയം പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകൾക്ക് ഊന്നൽ നൽകാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ; | എ) | ഉണ്ട്. 2012-ൽ ആവിഷ്കരിച്ച നിലവിലെ ടൂറിസം നയത്തിന്മേൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയും പുതുതായി വേണ്ടുന്നത് ഉൾപ്പെടുത്തിയും ടൂറിസം മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള പുതിയ ടൂറിസം നയം രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.<br>ടൂറിസം മേഖലയുടെയും അനുബന്ധ മേഖലകളുടെയും സമഗ്ര വികസനം, ടൂറിസം രംഗവുമായി പ്രത്യക്ഷമായും പരോക്ഷമായും ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ ക്ഷേമം, കൂടുതൽ തൊഴിൽ സാധ്യത, പരിസ്ഥിതി സൗഹൃദ ടൂറിസം വികസനം, ഹോസ്പിറ്റാലിറ്റി, ഉത്തരവാദിത്ത ടൂറിസം പ്രോത്സാഹിപ്പിക്കുക എന്നിവയും ആധുനികവും നൂതനവുമായ മാർഗ്ഗങ്ങൾ ഉപയോഗപ്രദമാക്കിയുള്ള വിപണനം, പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തൽ, സാഹസിക വിനോദസഞ്ചാര പദ്ധതികൾ, യുവ സഞ്ചാരികളെ ആകർഷിക്കാനുള്ള പദ്ധതികൾ തുടങ്ങിയവയാണ്, പുതിയ ടൂറിസം നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. പൊതു സ്വകാര്യ പങ്കാളിത്തവും, നിക്ഷേപവും പരമാവധി പ്രയോജനപ്പെടുത്തുന്ന കാര്യവും പരിഗണിക്കുന്നതാണ്.<br>കേരളത്തിനെ ലോകോത്തര നിലവാരത്തിലുള്ള വിനോദസഞ്ചാര കേന്ദ്രമാക്കുവാനുള്ള നടപടികളുടെ ഭാഗമായി നിലവിലെ പരിസ്ഥിതിക്ക് കോട്ടം വരാതെ ആധുനിക മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള അടിസ്ഥാന വികസന സൗകര്യങ്ങൾ നടപ്പിലാക്കുക, കേരളത്തിന്റെ പൈതൃക മൂല്യം പുനരുജ്ജീവിപ്പിക്കും വിധമുള്ള വിനോദസഞ്ചാര വികസന പദ്ധതികൾ തുടങ്ങിയ |

| | | | |
|---|---|---|---|
| | | | ഉത്തരവാദിത്ത ടൂറിസത്തിലൂന്നിയുള്ള താഴെ പറയുന്ന പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.<br>1. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക<br>2. വിനോദസഞ്ചാരികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുക<br>3. പാരിസ്ഥിതിക പരിഗണനകൾക്ക് മുൻതൂക്കം നൽകിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻഗണന നൽകുക.<br>4. പ്രാദേശിക തലത്തിലുള്ള വിനോദസഞ്ചാര വികസന പദ്ധതികൾ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക<br>5. യുവ സഞ്ചാരികളെ ആകർഷിക്കുന്നതിനായി സാഹസിക വിനോദ സഞ്ചാരത്തിന് പ്രത്യേക ഊന്നൽ നൽകുക<br>6. ലോക വിനോദസഞ്ചാര ഭൂപടത്തിൽ കേരളത്തെ ആഗോള ബ്രാൻഡായി വികസിപ്പിക്കുക.<br>7. വിപണനത്തിന് ആധുനികവും, നൂതനവുമായ മാർഗ്ഗങ്ങളും, നൂതന സാങ്കേതിക വിദ്യയുടെ പ്രയോജനപ്പെടുത്തലും ഉൾപ്പെടുത്തുക<br>8. ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും കേരളത്തിന്റെ വിപണി വിഹിതം ഗണ്യമായി വർദ്ധിപ്പിക്കൽ<br>9. ഉത്തരവാദിത്ത ടൂറിസം മിഷൻ<br>10. യുവ സംരംഭകർക്ക് പ്രോത്സാഹനം<br>11. വനിതാ സംരംഭങ്ങൾക്ക് പ്രാതിനിധ്യം<br>12. നൂതന ടൂറിസം ഉൽപ്പന്നങ്ങൾ<br>13. ടൂറിസം കേന്ദ്രങ്ങളിൽ ബാല സൗഹൃദ പ്രവർത്തനങ്ങൾ<br>14. ടൂറിസം കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കൽ<br>15. ലാന്റ് ബാങ്ക് രൂപീകരണം<br>16. ടൂറിസം കേന്ദ്രങ്ങളിൽ ഭിന്നശേഷി സൗഹൃദ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| ബി) | മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച വിവിധ പദ്ധതികൾ നിരവധി വർഷങ്ങളായിട്ടും | ബി) | നിലവിൽ പദ്ധതി കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതികൾ യഥാസമയം |

| | | | |
|---|---|---|---|
| | പൂർത്തിയാക്കാൻ സാധിക്കാതെ നിഷ്ഫലമായിരിക്കുന്ന സ്ഥിതി പരിഹരിക്കാൻ നടപടിയെടുക്കുമോ; | | പൂർത്തിയാക്കുന്നതിനായി നിയോജക മണ്ഡലം അടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിന് പുറമെ വകുപ്പ് തലത്തിൽ 14 ജില്ലകളിലെയും പ്രോജക്ടുകളുടെ നടത്തിപ്പിനെക്കുറിച്ചുള്ള അവലോകന യോഗം 5.6.2017, 11.7.2017 തീയതികളിൽ നടത്തുകയുണ്ടായി. |
| സി) | പ്രഖ്യാപിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട ഇടപെടൽ നടത്തുമോ എന്ന് വ്യക്തമാക്കാമോ? | സി) | സ്ഥല ലഭ്യത, വിവിധ ഏജൻസികളിൽ നിന്നുള്ള അനുമതികൾ, തീരദേശ പരിപാലന ചട്ട പ്രകാരമുള്ള അനുമതി (CRZ) എന്നിവ ലഭ്യമാക്കുന്നതിലെ പ്രശ്നങ്ങളാണ് ടൂറിസം വകുപ്പിലെ ചില പദ്ധതികൾക്ക് തടസ്സമായിട്ടുണ്ടായിരുന്നത്. നിലവിൽ പദ്ധതി കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതികൾ യഥാസമയം പൂർത്തിയാക്കുന്നതിനായി നിയോജക മണ്ഡലം അടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ